# കേരളസർക്കാർ

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം-2021

## കേരളത്തിലെ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലേക്കുള്ള പ്രവേശനം-2021 പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അവസരം

2021-22 അധ്യയന വർഷം കേരളത്തിലെ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET UG 2021) യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും പുതുതായി അപേക്ഷകൾ ക്ഷണിക്കുന്നു. മേൽ പറഞ്ഞ സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'Admission to Ayurveda, Siddha and Unani Courses 2021 (in Private Self Financing Colleges)'** എന്ന ലിങ്ക് മുഖേന **2022 മെയ് 12 മുതൽ മെയ് 14 രാവിലെ 10.00 മണിവരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

2021-22 അക്കാദമിക വർഷത്തെ ആയുർവേദ/സിദ്ധ/യുനാനി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി AACCC മാനദണ്ഡപ്രകാരം NEET UG 2021 -ന്റെ പെർസെന്റെയിൽ സ്കോർ താഴെ കൊടുത്തിരിക്കുന്നത് പ്രകാരമാണ്.

| Category | Revised Qualifying Percentile Criteria | Marks Range |
|---|---|---|
| UR | $45^{th}$ Percentile | 720-122 |
| OBC | $35^{th}$ Percentile | 121-096 |
| SC | $35^{th}$ Percentile | 121-096 |
| ST | $35^{th}$ Percentile | 121-096 |
| UR/EWS & PwD | $40^{th}$ Percentile | 121-108 |
| OBC & PwD | $35^{th}$ Percentile | 107-096 |
| SC & PwD | $35^{th}$ Percentile | 106-096 |
| ST & PwD | $35^{th}$ Percentile | 107-097 |

31.05.2021 തീയതിയിലെ വിജ്ഞാപനപ്രകാരം കീം 2021 കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കുകയും ആയുർവേദ, സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി 06.05.2022 ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച **'ലിസ്റ്റ് ഓഫ് എലിജിബിൾ കാൻഡിഡേറ്റ്സിൽ'** ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾ മേൽ കോഴ്സുകളിലെ ഒഴിവുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം അവരവരുടെ

**'കീം 2021– കാൻഡിഡേറ്റ് പോർട്ടൽ'** വഴി ഓപ്ഷൻ മാത്രം നൽകിയാൽ മതിയാകും. ഇവർ പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതില്ല . 2022 മെയ് 14 രാവിലെ 10.00 മണിവരെ ലഭ്യമാകുന്ന അപേക്ഷകളുടേയും ഓപ്ഷനുകളുടേയും അടിസ്ഥാനത്തിൽ **14.05.2022 വൈകുന്നേരം** അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**<u>പ്രവേശനത്തിന് വേണ്ട യോഗ്യതകൾ</u>**

**നേറ്റിവിറ്റി** – കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക.
**വിദ്യാഭ്യാസ യോഗ്യത:** കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.2 കാണുക.

ഓൺലൈൻ അപേക്ഷയും ഓപ്ഷനുകളും സമർപ്പിക്കാനുള്ള തീയതി **2022 മെയ് 12 മുതൽ മെയ് 14 രാവിലെ 10.00 മണി** വരെയാണ്. ഈ തീയതിയ്ക്കകം അപേക്ഷാർത്ഥിയുടെ ഫോട്ടോ (ആറു മാസത്തിനുള്ളിലെടുത്തത്), ഒപ്പ്, ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് , നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ, യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. **അപേക്ഷാ സമർപ്പണവുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും അപ്‌ലോഡ് ചെയ്യേണ്ട രേഖകളെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾക്കും 31.05.2021 ന് പ്രസിദ്ധീകരിച്ച കീം 2021 വിജ്ഞാപനം കാണുക.** അപേക്ഷയുടെ അക്നോളഡ്ജ്മെന്റ് പേജിന്റെ പകർപ്പോ മറ്റ് രേഖകളോ തപാൽ മുഖേനയോ /നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ അയയ്ക്കേണ്ടതില്ല.

അപൂർണ്ണമായതും, നിർബന്ധമായി സമർപ്പിക്കേണ്ട വിവരങ്ങളും രേഖകളും അപ്‌ലോഡ് ചെയ്യാത്തതുമായ അപേക്ഷ നിരസിക്കുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസും, 31.05.2021 ലെ വിജ്ഞാപനവും നിർബന്ധമായും വായിച്ചു മനസ്സിലാക്കേണ്ടതാണ്.

അലോട്ട്മെന്റ്, പ്രവേശനം എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.12 21:11:26 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**12/05/2022**